# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 885 — 08.03.12 ൽ -മറുപടിക്ക്

## ബി.പി.എൽ. കാർഡ് അർഹമായവർക്ക് എ.പി.എൽ. കാർഡ് നൽകിയിട്ടുള്ള വിവരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ.ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | ബി.പി.എൽ. കാർഡ് അർഹമായവർക്ക് എ.പി.എൽ. കാർഡ് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പുതുക്കാട് മണ്ഡലത്തിൽ ഇത്തരത്തിൽ എ.പി.എൽ. കാർഡ് ലഭിച്ചവർ ബി.പി. എൽ കാർഡാക്കി മാറ്റി നൽകണമെന്ന് അപേക്ഷ നൽകിയിട്ടുണ്ടോ ; | (ബി) & (സി) | ഉണ്ട്. ബി.പി.എൽ കാർഡാക്കി മാറ്റാൻ ലഭിച്ച അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി അർഹതയുള്ളവർക്ക് ബി.പി.എൽ കാർഡ് നൽകുന്നതിനുള്ള ഉത്തരവ് ബഹു.ജില്ലാകളക്ടർ പുറപ്പെടുവിച്ചുവരുന്നു. പുതുക്കാട് മണ്ഡലത്തിൽ ഇതുവരെ ലഭിച്ച ഇത്തരം 63 അപേക്ഷകളിൽ നിലവിലുള്ള കാർഡ് ഹാജരാക്കിയ 43 പേർക്കും ബി.പി.എൽ കാർഡ് നൽകിക്കഴിഞ്ഞു. മറ്റുള്ളവരോട് കാർഡ് ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടിയുടെ വിവരം വ്യക്തമാക്കാമോ ; | | |
| (ഡി) | യഥാർത്ഥത്തിൽ ബി.പി.എൽ കാർഡ് ലഭിക്കേണ്ടതിന് പകരം എ.പി.എൽ. കാർഡ് ലഭിച്ചവർക്ക്, അതു മാറ്റി ബി.പി. എൽ. കാർഡ് ലഭിക്കുന്നതിനായി ജില്ലകൾതോറും അദാലത്ത് സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഡി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ